പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5178 — 02.07.2013 -ൽ മറുപടിക്ക്

വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ

ചോദ്യം — ഉത്തരം

ശ്രീമതി. ജമീലാ പ്രകാശം :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത് ; | (എ) | വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും 2 ജെൻറം ഉൾപ്പെടെ 74 സർവ്വീ സുകൾ നടത്തുന്നതിന് അനുവാദം നൽകി യിട്ടുണ്ട്. ഇതിൽ പ്രതിദിനം ശരാശരി 62 സർവ്വീസുകൾ വരെ ഓപ്പറേറ്റ് ചെയ്യു ന്നുണ്ട്. |
| (ബി) | പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര ബസ്സുകൾ വേണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; | (ബി) | 72 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പടെ 80 ബസ്സുകളാണ് വേണ്ടത്. |
| (സി) | ഇപ്പോൾ എത്ര ബസ്സുകളാണ് വിഴിഞ്ഞം ഡിപ്പോയിൽ പ്രവർത്തന സജ്ജമായിട്ടുള്ളത് ; | (സി) | 24.06.2013 -ലെ കണക്കനുസരിച്ച് വിഴിഞ്ഞം ഡിപ്പോയിൽ 73 ബസുകൾ ഉള്ളതിൽ 5 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്നു. ബാക്കി 68 എണ്ണം പ്രവർത്തന സജ്ജമാണ്. |
| (ഡി) | നിശ്ചയിച്ചിട്ടുള്ള എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനും മത്സ്യബന്ധന സീസൺ പ്രമാണിച്ച് കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും ആവശ്യമായ അധിക ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നിശ്ചയിച്ചിട്ടുള്ള എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പടെ 7 ഓർഡിനറി ബസ്സുകളുടെ കുറവുണ്ട്. പുതിയ ബസ്സുകൾ ഉപയോഗിച്ച് നിലവിലുള്ള അപ്പർ ക്ലാസ് ബസ്സുകൾ മാറ്റുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്നതാണ്. മത്സ്യ ബന്ധന സീസൺ പ്രമാണിച്ച് മതിയായ യാത്രക്കാരെ ലഭ്യമായാൽ അധിക സർവ്വീസുകൾ നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ